# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

ബാലവേല

4187 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' എ. റ്റി. ജോർജ്
'' ജോസഫ് വാഴക്കൻ
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ബാലവേല നിർമ്മാർജ്ജനം വിദ്യാഭ്യാസത്തിലൂടെ' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്ത് ബാലവേല നിർമ്മാർജ്ജനത്തിന് എന്തെല്ലാം കാര്യങ്ങളാണ് സെമിനാറിൽ ചർച്ച ചെയ്യുന്നത്;

(ഡി) എന്തെല്ലാം തുടർ നടപടികളാണ് ഭരണതലത്തിൽ നടപ്പിലാക്കുന്നുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

വേനൽക്കാലത്തെ വിശ്രമസമയം

4188 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്ക് കടുത്ത വേനൽക്കാലത്ത് ജോലിക്കിടയിലുള്ള വിശ്രമ സമയം പുന:ക്രമീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത തീരുമാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) അതുവഴി എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) അത് നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>വയനാട് ജില്ലയിലെ ശരണ്യ സ്വയം തൊഴിൽ പദ്ധതി</u>

4189 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശരണ്യ സ്വയം തൊഴിൽ പദ്ധതിക്കായി കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി വയനാട് ജില്ലയിൽനിന്നും എത്ര അപേക്ഷകരാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ നിന്നും ഓരോ വർഷവും എത്ര അപേക്ഷകരെ തെരഞ്ഞെടുത്തു എന്നതിന്റെ താലൂക്ക്തലത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഓരോവർഷവും എത്ര തുക ജില്ലയിൽ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>സുസ്ഥിര തൊഴിൽ വികസന പദ്ധതി</u>

4190 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സുസ്ഥിര തൊഴിൽ വികസന പദ്ധതിക്ക് കീഴിൽ ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പ്ലാന്റേഷൻ ഹൗസിംഗ് പദ്ധതി</u>

4191 ശ്രീ. എ. റ്റി. ജോർജ്
'' ജോസഫ് വാഴക്കൻ
'' ഷാഫി പറമ്പിൽ
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് പ്ലാന്റേഷൻ ഹൗസിംഗ് പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ; വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിച്ചത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

പരമ്പരാഗത വ്യവസായത്തൊഴിലാളികൾ അധിവസിക്കുന്ന പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം

4192 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായത്തൊഴിലാളികൾ അധിവസിക്കുന്ന പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പിന്നോക്കസമുദായ വികസന വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>സെക്യൂരിറ്റി രംഗത്തെ ഏജൻസികൾ</u>

4193 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
,, കെ. രാജു
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സെക്യൂരിറ്റി രംഗത്ത് കേരളത്തിൽ എത്ര അംഗീകൃത ഏജൻസികൾ ഉണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) സെക്യൂരിറ്റി രംഗത്തെ ഏജൻസികൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത രംഗത്ത് പ്രവർത്തിയെടുക്കുന്നവർക്ക് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഇവർക്ക് തിരിച്ചറിയൽ രേഖകളും പരിശീലനങ്ങളും നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>ഐ.ടി.ഐ.കൾക്ക് അന്താരാഷ്ട്ര നിലവാരം</u>

4194 ശ്രീ. പി.സി. വിഷ്ണുനാഥ്
,, സി.പി. മുഹമ്മദ്
,, പി.എ. മാധവൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് വഴി സംസ്ഥാനത്തെ ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പദ്ധതി നടത്തിപ്പുമായി സഹകരിച്ചിട്ടുള്ളത്;

(ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

ഐ.ടി.ഐ. കോഴ്സുകളുടെ ഫീസ്

4195 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി.ഐ. കോഴ്സുകളുടെ ഫീസിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ;

(ബി) എം.ഇ.എസ്. (മോഡുലർ എംപ്ലോയബിൾ സ്കിൽസ്) കോഴ്സുകൾക്ക് ഫീസിൽ ഇളവുകൾ ചെയ്ത സാഹചര്യത്തിൽ എൻ.സി.വി.റ്റി, എസ്.സി.വി.ടി. കോഴ്സുകളുടെ ഫീസ് അമിതമായി വർദ്ധിപ്പിച്ചിട്ടുള്ളത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

പൊന്നാനിയിലെ എസ്സ്. സി - ഐ. റ്റി. ഐ യിൽ പുതിയ കോഴ്സുകൾ

4196 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിൽ പ്രവർത്തിക്കുന്ന എസ്സ്. സി. - ഐ. റ്റി. ഐ. യിൽ കഴിഞ്ഞ 40 വർഷത്തിലേറെയായി ഇലക്ട്രീഷ്യൻ ട്രേഡ് മാത്രമാണ് ഉള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം പ്രദേശത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പുതിയ തൊഴിൽ മേഖലകൾ ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സിവിൽ ആർക്കിടെക്ച്ചർ, ആട്ടോമൊബൈൽ തുടങ്ങിയ ട്രേഡുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് സ്ഥാപനങ്ങളിൽ നിന്നോ പട്ടികജാതി വികസന വകുപ്പിൽ നിന്നോ എന്തെങ്കിലും ശിപാർശ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തൊഴിൽ നൈപുണ്യകേന്ദ്രങ്ങളാക്കുന്ന പദ്ധതി</u>

4197 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, കെ. എം. ഷാജി
,, പി. ബി. അബ്ദുൾ റസാക്
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യകേന്ദ്രങ്ങളാക്കുന്നതിന് ആവിഷ്കരിച്ചു നടപ്പാക്കുന്ന എ.എസ്.ഇ.പി. (അഡീഷണൽ സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം) യുടെ പ്രത്യേകതകൾ വിശദമാക്കുമോ;

(ബി) പദ്ധതി നടത്തിപ്പു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവര്‍ത്തനം പരിഷ്കരിക്കുന്നതിന് നടപടി</u>

4198 ശ്രീ. ഡൊമിനിക് പ്രസന്റേഷന്‍
,, വി.റ്റി. ബല്‍റാം
,, എം.എ. വാഹീദ്
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവര്‍ത്തനം കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള നിയമനം</u>

4199

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സ്ഥിര നിയമനവും 9a(1) ചട്ടപ്രകാരമുള്ള നിയമനവും നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വിശദമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നവരുടെ എണ്ണം</u>

4200 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പേര് രജിസ്റ്റർ ചെയ്ത് 25 വർഷത്തിൽ കൂടുതലായിട്ടും നാളിതുവരെ യാതൊരു ജോലിയും ലഭിക്കാത്ത എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ ജില്ലയിൽ നിന്നും ഓരോ വർഷവും ശരാശരി എത്ര പേർക്കാണ് താല്കാലികമായെങ്കിലും ജോലി നല്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത യുവതീയുവാക്കളുടെ എണ്ണം**

4201 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിലില്ലാത്ത യുവതി-യുവാക്കളെത്ര; വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് വ്യക്തമാക്കാമോ;

(ബി) 2000 മുതൽ ഓരോ വർഷവും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത തൊഴിലില്ലാത്തവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ; പ്രതിവർഷാടിസ്ഥാനത്തിൽ വിശദാംശം നൽകുമോ;

(സി) 2000 മുതൽ ഓരോ വർഷവും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന എത്രപേർക്ക് തൊഴിൽ നൽകി; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത യുവതി യുവാക്കൾ</u>

4202 ശ്രീ. ആർ രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഇതുവരെ രജിസ്റ്റർ ചെയ്ത യുവതി യുവാക്കളുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) സർക്കാർ അർദ്ധസർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി മുഖേനയല്ലാത്ത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർക്ക് നിയമനം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) രജസ്റ്റർ ചെയ്ത് 15 വർഷത്തിൽ കൂടുതൽ ആയിട്ടും ഒരു തൊഴിലും ലഭിക്കാത്തവരുടെ എണ്ണം ജില്ല തിരിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

ആറ്റിങ്ങൾ, കിളിമാനൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർ

4203 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ, കിളിമാനൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ട് ഇരുപത്തിയഞ്ച് വർഷം പൂർത്തിയായ എത്ര പേരുണ്ടെന്ന് ജനറൽ വിഭാഗക്കാർ, വികലാംഗർ, പട്ടികജാതി, പട്ടികവർഗ്ഗക്കാർ, വിധവകൾ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഇതുവരെ ഇന്റർവ്യൂവിന് വിളിക്കാത്തവരായി എത്ര പേരുണ്ടെന്നും ഒരു ജോലി പോലും ലഭിക്കാത്തവരായി എത്ര പേരുണ്ടെന്നും മേൽപറഞ്ഞ രീതിയിൽ തരം തിരിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>പൊതു - സ്വകാര്യ മേഖലകളിൽ അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ</u>

4204 ശ്രീ. എളമരം കരീം
,, കെ. കെ. ജയചന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ എത്രയാണെന്നും അവ ഏതൊക്കെയാണെന്നുമുള്ള കണക്കുകൾ ലഭ്യമാണോ;

(സി) അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെല്ലാം കൂടി എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയുണ്ടായിട്ടുണ്ട്;

(ഡി) ലംഘനം നടത്തിയതിന്റെ പേരിൽ പാട്ടക്കരാർ റദ്ദ് ചെയ്ത തോട്ടങ്ങളെല്ലാം കെ.എഫ്.ഡി.സി. ഏറ്റെടുത്ത് നടത്തുന്നുണ്ടോ; എങ്കിൽ അവ ഏതൊക്കെ;

(ഇ) എസ്റ്റേറ്റുകളിലെ തൊഴിലാളികളുടെ ശമ്പളക്കുടിശ്ശിക ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

ഇ.എസ്.ഐ. ആശുപത്രി പേരാമ്പ്ര

4205 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഇ.എസ്.ഐ. ഡിസ്പെൻസറികളോ ആശുപത്രികളോ അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അനുവദിച്ചിട്ടുള്ളത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പേരാമ്പ്ര മണ്ഡലത്തിൽ ഇ.എസ്.ഐ. ആശുപത്രി അനുവദിക്കുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

ഇ.എസ്.ഐ. ഫാർമസി വിഭാഗം

4206 ശ്രീ. പാലോട് രവി
'' അൻവർ സാദത്ത്
'' വർക്കല കഹാർ
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ.എസ്.ഐ. ഫാർമസി വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത വിഭാഗം നടത്തി വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സമഗ്രമായ പരിഷ്ക്കരണത്തിന് രൂപം നൽകിയുട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇ.എസ്.ഐ. ആശുപത്രികളുടെ ശാക്തികരണത്തിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളും പരിഷ്ക്കാരങ്ങളും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

4207 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൻകീഴിലുള്ള രോഗികൾക്ക് ആശുപത്രിയിലില്ലാത്ത മരുന്നുകൾ പുറത്തുനിന്നും വാങ്ങി നൽകിയ ഇനത്തിൽ ആശുപത്രികൾക്ക് ഇൻഷ്വറൻസ് കമ്പനികൾ നൽകാനുള്ള തുക എത്രയാണെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക പൂർണ്ണമായും നൽകാനാവില്ലെന്ന് ഇൻഷ്വറൻസ് കമ്പനി പറയുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ആരോഗ്യ ഇൻഷ്വറൻസിന്റെ ഭാഗമായി ഇൻഷ്വറൻസ് കമ്പനിക്ക് സർക്കാർ നൽകേണ്ട വിഹിതം നൽകാതെയുണ്ടോ എന്നു വ്യക്തമാക്കാമോ;

(സി) ആശുപത്രികളിൽ നിന്നും ഇൻഷ്വറൻസുള്ള രോഗികൾക്ക് മരുന്നു ലഭിക്കാത്ത സാഹചര്യത്തിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കൽ</u>

4208 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് കാർഡ് മുൻ വർഷങ്ങളിൽ ലഭിച്ചിട്ടുള്ള പലർക്കും ഈ വർഷം കാർഡ് പുതുക്കിനൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുൻ വർഷങ്ങളിൽ കാർഡ് ലഭിച്ച മുഴുവൻപേർക്കും കാർഡ് പുതുക്കിനൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആർ.എസ്.ബി.വൈ., ചിസ് പ്ലസ് ആനുകൂല്യം ഹീമോഫീലിയ രോഗികൾക്ക് ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) നാമമാത്രമായ തുക പെൻഷൻ ലഭിക്കുന്ന ഇ.പി.എഫ്. പെൻഷൻകാരെ ഇൻഷ്വറൻസ് പരിരക്ഷയ്ക്കു കീഴിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>എ. പി. എൽ. വിഭാഗത്തിലുള്ളവർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

4209 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ. പി. എൽ. വിഭാഗത്തിൽപെട്ടവരും നിലവിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരുമായവർക്ക് പുതുതായി പേര് ചേർക്കുന്നതിനും കാർഡ് ലഭിക്കുന്നതിനും അവസരം ലഭിക്കുമോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അക്ഷയകേന്ദ്രങ്ങൾ വഴിയും ഓൺലൈനായി നേരിട്ടും പേര് രജിസ്റ്റർ ചെയ്ത് അംഗമാകാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ; ഇതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

3 ലക്ഷം രൂപയിൽ കൂടുതൽ വരുമാനമുള്ളവർക്കായി ആരംഭിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

T4210 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിസ്-ന്റെ മാതൃകയിൽ 3 ലക്ഷം രൂപയിൽ കൂടുതൽ വരുമാനമുള്ളവർക്കായി ആരംഭിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ എത്രപേരെ അംഗങ്ങളാക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) പ്രീമിയം ഇനത്തിൽ എത്ര തുകയാണ് പിരിഞ്ഞുകിട്ടിയിട്ടുള്ളത്?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>എറണാകുളം ജില്ലയിൽ തൊഴിൽ വകുപ്പിനു കീഴിലുള്ള ഒഴിവുകൾ</u>

4211 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ തൊഴിൽ വകുപ്പിനു കീഴിലുള്ള വിവിധ ഓഫീസുകളിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയും എൽ.ഡി. ക്ലാർക്കുമാരുടെയും എൽ.ഡി. ടൈപ്പിസ്റ്റുമാരുടെയും ഒഴിവുകൾ കൃത്യസമയത്ത് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ എപ്പോഴെങ്കിലും എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോ ;

(ബി) നാളിതുവരെ ഏതെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതായിട്ടുണ്ടോ ;

(സി) 2014 ആഗസ്റ്റ് 31 വരെ എത്ര ഒഴിവുകൾ ഉണ്ടാകാനിടയുണ്ട് ; പ്രസ്തുത ഒഴിവുകൾ പി.എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>സ്വകാര്യസ്ഥാപനങ്ങളിൽ മിനിമം വേതനം</u>

4212

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ സ്ഥാപനങ്ങളിലും സംരംഭങ്ങളിലും ജോലി ചെയ്യുന്നവർക്ക് നൽകുന്ന മിനിമം വേതനത്തിൽ കാലാനുസൃതമായ പരിഷ്ക്കരണങ്ങൾ കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>

4213 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ സേവന-വേതന-ജീവിത സാഹചര്യങ്ങളെ കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇത്തരം തൊഴിലാളികൾ പ്രാഥമികസൗകര്യങ്ങൾ പോലും നിർവ്വഹിക്കാൻ സൗകര്യമില്ലാത്ത സാഹചര്യത്തിലാണ് ജീവിച്ചുവരുന്നതെന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം അവസ്ഥ മാറ്റിയെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ കണക്കും രേഖകളും</u>

4214 ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ കൃത്യമായ കണക്കും രേഖകളും തൊഴിൽ വകുപ്പിന്റെ പക്കൽ ലഭ്യമാണോ ;

(ബി) കേരളത്തിലെ ജനസംഖ്യയുടെ ഘടനയെ അന്യസംസ്ഥാന തൊഴിലാളികളുടെ കുടിയേറ്റം അട്ടിമറിക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾക്ക് വാസസ്ഥലം</u>

T4215 ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളിൽ തൊഴിൽ വകുപ്പ് അധികൃതർ കഴിഞ്ഞ 6 മാസത്തിനുള്ളിൽ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞ വിവരങ്ങൾ എന്തെല്ലാമാണ്;

(ബി) അന്യസംസ്ഥാന തൊഴിലാളികൾ താമസിച്ചിരുന്ന ഏതെങ്കിലും ക്യാമ്പ് പൂട്ടാൻ നോട്ടീസ് നൽകിയിട്ടുണ്ടോ; ഏതുസാഹചര്യത്തിലാണ് ഇപ്രകാരം നോട്ടീസ് നൽകിയത്;

(സി) അന്യസംസ്ഥാന തൊഴിലാളികൾക്ക് മിതമായ നിരക്കിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 'നൈറ്റ് ഷെൽട്ടർ' പദ്ധതിക്കുവേണ്ടി 2013-14, 2014-15 എന്നീ വർഷങ്ങളിലെ ബഡ്ജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട്;

(ഡി) പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്?